**പതിനഞ്ചാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**ബുള്ളറ്റിൻ ഭാഗം - II**

*2024 ജനുവരി 30*

നമ്പർ : **475**

പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ 2024 ഫെബ്രുവരി 15-ാം തീയതി കൂടി സഭ സമ്മേളിക്കുന്നതിനും ഫെബ്രുവരി 26, 27, 28, 29, മാർച്ച് 1, 4, 5, 6, 7, 11, 12, 13, 14, 15, 18, 19, 20, 21, 22, 25, 26, 27 തീയതികളിലെ സഭാ സമ്മേളനം ഒഴിവാക്കുന്നതിനും തീരുമാനിച്ചു. 2024 ഫെബ്രുവരി 13, 14, 15 തീയതികളിലെ ബിസിനസ്സ് പൂർത്തീകരണത്തിന് ആവശ്യമുള്ളപക്ഷം അപരാഹ്നസമ്മേളനം ചേരുന്നതിനും തീരുമാനിച്ചു ജനുവരി 30-ാം തീയതി മുതലുള്ള സമ്മേളന ദിവസങ്ങളിലെ കാര്യപരിപാടി താഴെപ്പറയും പ്രകാരം ക്രമീകരിച്ചിരിക്കുന്നു.

| | | |
|---|---|---|
| ജനുവരി 30, ചൊവ്വ | : | ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച |
| ജനുവരി 31, ബുധൻ | : | ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച |
| ഫെബ്രുവരി 1, വ്യാഴം | : | താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും (ചർച്ച അവസാനിപ്പിക്കുന്നതാണ്): (i) 2024 - ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ (ii) 2024 - ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ (iii) 2024 - ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ |
| ഫെബ്രുവരി 2, വെള്ളി | | ഗവൺമെന്റ്കാര്യവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും |
| ഫെബ്രുവരി 5, തിങ്കൾ | | 2023-2024 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ അന്തിമ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കലും 2024-2025 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ്, വോട്ട്-ഓൺ അക്കൗണ്ട് എന്നിവയുടെ സമർപ്പണവും |

| | |
|---|---|
| ഫെബ്രുവരി 12, തിങ്കൾ | ബജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച |
| ഫെബ്രുവരി 13, ചൊവ്വ | ബജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച<br><br>അപരാഹ്ന സമ്മേളനം<br>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും<br>(ചർച്ച അവസാനിപ്പിക്കുന്നതാണ്):<br>(i) 2024 - ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ<br>(ii) 2024 - ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ<br>(iii) 2024 - ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ |
| ഫെബ്രുവരി 14, ബുധൻ | ബജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച<br><br>അപരാഹ്ന സമ്മേളനം<br>2023-2024 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും |
| ഫെബ്രുവരി 15, വ്യാഴം | വോട്ട്-ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും<br><br>അപരാഹ്ന സമ്മേളനം<br>(1) 2023-2024 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും<br>(ചർച്ച അവസാനിപ്പിക്കുന്നതാണ്)<br>(2) 2024 - ലെ കേരള ധനവിനിയോഗ (വോട്ട്-ഓൺ - അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും<br>(ചർച്ച അവസാനിപ്പിക്കുന്നതാണ്)<br>(3) 2024 - ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണം |

ഷാജി സി. ബേബി,
സെക്രട്ടറി-ഇൻ-ചാർജ്ജ്.